**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **28-06-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തീക്കോയി, തലനാട് വില്ലേജുകളിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | മാർമ്മല ചെറുകിട ജലവൈദ്യുത പദ്ധതി (7 MW/23MU)-ക്കായി പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തീക്കോയി, തലനാട് വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും 0.5236 ഹെക്ടർ പട്ടയ രഹിത ഭൂമിയും LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി പരിസ്ഥിതി പ്രത്യാഘാത പഠന റിപ്പോർട്ട് 18.04.2022-ൽ സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും അതിൽ പ്രകാരം ടി പദ്ധതിയുടെ II(1) വിജ്ഞാപനത്തിന്റെ കരട് അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ടി 30.04.2022-ൽ പാല, തഹസിൽദാറിനെ, കോട്ടയം ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി എല്ലാ വിധ ശ്രമങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ